**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** **19-09-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ്; വിശദമാക്കാമോ; | (എ) | 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ GHSS തിരൂരങ്ങാടി സ്കൂളിന്റെ നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്കൂളിന് സ്പോർട്സ് കോംപ്ലക്സും ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കണമെന്നതായിരുന്നു സ്കൂൾ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ സ്പോർട്സ് കോംപ്ലക്സുമായി ബന്ധപ്പെട്ട കാർപാർക്കിംഗ് സൗകര്യം ലഭ്യമാക്കുന്നതിന് സ്കൂളിന് സ്ഥലമുണ്ടായിരുന്നില്ല. തുടർന്ന് 03/05/2024 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ GHSS തിരൂരങ്ങാടി സ്കൂളിന്റെ പ്രൊപ്പോസൽ ഫൈനലൈസ് ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 11/06/2024 - ന് യോഗം ചേർന്ന് പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്തിരുന്നു. ഇതനുസരിച്ച് സ്കൂളിന് സ്ഥലലഭ്യതക്കുറവുള്ളതിനാൽ മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട് ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിഗണിക്കാനാണ് യോഗം ശുപാർശ ചെയ്തിരുന്നത്.<br><br>തുടർന്ന് 09/07/2024 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന തിരൂരങ്ങാടി സ്കൂളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന അവലോകന യോഗത്തിൽ GHSS തിരൂരങ്ങാടി സ്കൂളിന് KITCO തയ്യാറാക്കിയ പ്ലാനിൽ കവറേജ് പ്രശ്നം വരാത്തവിധം ക്രമീകരണങ്ങൾ വരുത്തി ഗ്രൗണ്ട് വികസനം നടത്താൻ തീരുമാനിക്കുകയും ഇത് പ്രകാരം കിറ്റ്കോ DPR തയ്യാറാക്കി കിഫ്ബിക്ക് നൽകണമെന്നും എത്രയും വേഗം സാങ്കേതിക അനുമതി നൽകി കിറ്റ്കോയും |

| | | | |
|---|---|---|---|
| | | | കിഫ്ബിയും സംയുക്തമായി നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചിരുന്നു.<br><br>തുടർന്ന് 24/04/2025 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിലും GHSS തിരൂരങ്ങാടി സ്കൂളിന്റെ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ വിശദമായി അവലോകനം ചെയ്യുകയും കിറ്റ്കോ എത്രയും വേഗം റിവൈസ്ഡ് പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നിർമ്മാണം ആരംഭിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.<br><br>ഇതനുസരിച്ച് 2018 DSR നിരക്ക് പ്രകാരം കിറ്റ്കോ DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. എന്നാൽ നിരക്ക് വർദ്ധനവ് വന്ന സാഹചര്യത്തിൽ 2021 - ലെ DSR പ്രകാരം എസ്റ്റിമേറ്റ് റിവിഷൻ നടത്തി പുതുക്കിയ സാങ്കേതിക അനുമതി നൽകുന്നതിന് കിറ്റ്കോ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>20/08/2025 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച ചേർത്ത വിദ്യാകിരണം മിഷന്റെ അവലോകനയോഗത്തിലും കിറ്റ്കോയുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് പ്രത്യേക യോഗം വിളിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; തീയതിയും ഇനവും തിരിച്ച് വിശദമാക്കാമോ; | (ബി) | 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ GHSS തിരൂരങ്ങാടി സ്കൂളിന്റെ നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്കൂളിന് സ്പോർട്സ് കോംപ്ലക്സും ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കണമെന്നതായിരുന്നു സ്കൂൾ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ സ്പോർട്സ് കോംപ്ലക്സുമായി ബന്ധപ്പെട്ട കാർപാർക്കിംഗ് സൗകര്യം ലഭ്യമാക്കുന്നതിന് സ്കൂളിന് സ്ഥലമുണ്ടായിരുന്നില്ല. തുടർന്ന് 03/05/2024 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ GHSS തിരൂരങ്ങാടി സ്കൂളിന്റെ പ്രൊപ്പോസൽ ഫൈനലൈസ് ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 11/06/2024 - ന് യോഗം ചേർന്ന് പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്തിരുന്നു. ഇതനുസരിച്ച് സ്കൂളിന് സ്ഥലലഭ്യതക്കുറവുള്ളതിനാൽ മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട് |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിഗണിക്കാനാണ് യോഗം ശുപാർശ ചെയ്തിരുന്നത്.<br><br>തുടർന്ന് 09/07/2024 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന തിരൂരങ്ങാടി സ്കൂളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന അവലോകന യോഗത്തിൽ GHSS തിരൂരങ്ങാടി സ്കൂളിന് KITCO തയ്യാറാക്കിയ പ്ലാനിൽ കവറേജ് പ്രശ്നം വരാത്തവിധം ക്രമീകരണങ്ങൾ വരുത്തി ഗ്രൗണ്ട് വികസനം നടത്താൻ തീരുമാനിക്കുകയും ഇത് പ്രകാരം കിറ്റ്കോ DPR തയ്യാറാക്കി കിഫ്ബിക്ക് നൽകണമെന്നും എത്രയും വേഗം സാങ്കേതിക അനുമതി നൽകി കിറ്റ്കോയും കിഫ്ബിയും സംയുക്തമായി നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചിരുന്നു.<br><br>തുടർന്ന് 24/04/2025 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിലും GHSS തിരൂരങ്ങാടി സ്കൂളിന്റെ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ വിശദമായി അവലോകനം ചെയ്യുകയും കിറ്റ്കോ എത്രയും വേഗം റിവൈസ്ഡ് പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നിർമ്മാണം ആരംഭിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.<br><br>ഇതനുസരിച്ച് 2018 DSR നിരക്ക് പ്രകാരം കിറ്റ്കോ DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. എന്നാൽ നിരക്ക് വർദ്ധനവ് വന്ന സാഹചര്യത്തിൽ 2021 - ലെ DSR പ്രകാരം എസ്റ്റിമേറ്റ് റിവിഷൻ നടത്തി പുതുക്കിയ സാങ്കേതിക അനുമതി നൽകുന്നതിന് കിറ്റ്കോ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>20/08/2025 - ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച് ചേർത്ത വിദ്യാകിരണം മിഷന്റെ അവലോകനയോഗത്തിലും കിറ്റ്കോയുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് പ്രത്യേക യോഗം വിളിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗത്തിനുശേഷം ഈ പ്രവൃത്തിയുടെ തുടർനടപടികളിൽ പുരോഗതി ഇല്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് തിരൂരങ്ങാടി എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തെങ്കിലും | (സി) | ഉണ്ട്. തിരൂരങ്ങാടി എം.എൽ.എ , പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാകിരണം മിഷനിൽ നിന്നും 09/06/2025 - ന് കിറ്റ്കോയുടെ മാനേജിംഗ് ഡയറക്ടർക്ക് വിശദമായ കത്ത് |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ മറുപടിയുടെ അല്ലെങ്കിൽ അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; | (ഡി) | പ്രവൃത്തി സംബന്ധിച്ച നടപടികൾ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സ്വീകരിച്ച് വരുന്നു. |
| (ഇ) | ബഹു. സ്പോർട്സ് വകുപ്പ് മന്ത്രി നിർമ്മാണ ഉദ്ഘാടനം നിർവഹിച്ച് വർഷങ്ങൾ കഴിഞ്ഞ ശേഷവും പ്രവർത്തിക്കാത്ത ഈ പ്രവൃത്തിയുടെ നിർമ്മാണം എന്നേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ; | (ഇ) | 2021 DSR നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി DPR ഭേദഗതി വരുത്തി 2025 ഒക്ടോബർ മാസത്തിൽത്തന്നെ കിഫ്ബിക്ക് സമർപ്പിക്കുമെന്ന് നിർവ്വഹണ ഏജൻസിയായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. DPR അംഗീകരിച്ച് സാങ്കേതിക അനുമതിയും PED അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (എഫ്) | ഈ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെങ്കിലും നടപടികൾ പൂർത്തീകരിക്കാൻ ഉണ്ടോ; ഇനം തിരിച്ച് വിശദമാക്കാമോ? | (എഫ്) | 2021 DSR നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി DPR ഭേദഗതി വരുത്തി 2025 ഒക്ടോബർ മാസത്തിൽത്തന്നെ കിഫ്ബിക്ക് സമർപ്പിക്കുമെന്ന് നിർവ്വഹണ ഏജൻസിയായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. DPR അംഗീകരിച്ച് സാങ്കേതിക അനുമതിയും PED അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

## നവകേരളം കർമ്മപദ്ധതി II
## വിദ്യാകിരണം

കേരള സർക്കാർ

No. 198/ 2023/KEM

തിരുവനന്തപുരം
തീയതി: 09/06/2025

അസിസ്റ്റന്റ് കോർഡിനേറ്റർ

മാനേജിംഗ് ഡയറക്ടർ
കിറ്റ്കോ

സർ,

വിഷയം: നവകേരളം കർമ്മപദ്ധതി II- വിദ്യാകിരണം- മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ജി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം - സംബന്ധിച്ച്.

സൂചന: 1) 09/07/2024 ന് ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന GHSS തിരൂരങ്ങാടി സ്കൂളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അവലോകനയോഗ തീരുമാനം.

2) 24/04/2025 ന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണപ്രവർത്തനങ്ങളുടെ അവലോകനയോഗ തീരുമാനം.

3) 05/06/2025 ലെ പൊതുവിദ്യാഭ്യാസ (എം) വകുപ്പിന്റെ എം2/136/2025/GEDN നമ്പർ കത്ത്.

സൂചന 1 ലെ യോഗതീരുമാനപ്രകാരം GHSS തിരൂരങ്ങാടി സ്കൂളിന് KITCO തയ്യാറാക്കിയ പ്ലാനിൽ കവറേജ് പ്രശ്നം വരാത്തവിധം ക്രമീകരണങ്ങൾ വരുത്തി ഗ്രൗണ്ട് വികസനം നടത്താൻ തീരുമാനിച്ചിരുന്നു. ഇത് പ്രകാരം കിറ്റ്കോ പ്ലാൻ തയ്യാറാക്കി എത്രയും വേഗം DPR കിഫ്ബിക്ക് നൽകണമെന്നും നിലവിൽ ഭരണാനുമതിയുള്ള സാഹചര്യത്തിൽ സാങ്കേതികാനുമതി ജൂലൈ 22 നകം കിറ്റ്കോ നൽകണമെന്നും തുടർന്ന് കിഫ്ബി ഒരാഴ്ചക്കുള്ളിൽത്തന്നെ അനുമതി നൽകി 2024 ആഗസ്റ്റ് 15 നുള്ളിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് സെപ്റ്റംബറിൽ നിർമ്മാണം ആരംഭിക്കുന്നതിന് കിറ്റ്കോയും കിഫ്ബിയും സംയുക്തമായി നടപടി സ്വീകരിക്കുന്നതിനുമാണ് തീരുമാനിച്ചിരുന്നത്. സൂചന 2 പ്രകാരം ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ

നടന്ന അവലോകനയോഗത്തിൽ GHSS തിരൂരങ്ങാടി സ്കൂളിന്റെ നിർമ്മാണപുരോഗതി അവലോകനം ചെയ്തിരുന്നു. ടി സ്കൂളിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിയാത്തത് വലിയ വീഴ്ച ആണെന്നും റിവൈസ്ഡ് പ്ലാൻ രണ്ടാഴചക്കുള്ളിൽത്തന്നെ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കണമെന്നും കിഫ്ബിയുടേയും കിറ്റ്കോയുടേയും ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകി സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി.

സൂചന 3 പ്രകാരമുള്ള കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത ബഹു. തിരൂരങ്ങാടി എം.എൽ.എ. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൽ പ്രസ്തുത സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും നാട്ടുകാരുടേയും പത്രമാധ്യമങ്ങളുടേയും ഒരു പരിഹാസമായിരിക്കുകയാണ് ഈ പ്രവർത്തിയെന്നും ആയതിനാൽ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച യോഗതീരുമാനങ്ങൾ അനുസരിച്ച് കിറ്റ്കോയുടെ ഭാഗത്തുനിന്ന് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് അടിയന്തരമായി അറിയിക്കുന്നതിന് സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് എത്രയും വേഗം അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Dr. [illegible] RAMAKRISHNAN
Assistant Coordinator
Navakeralam Karmapadhathy II
(Vidyakiranam)
Thiruvananthapuram - 01
അസിസ്റ്റന്റ് കോർഡിനേറ്റർ